വനേതരാവശ്യങ്ങൾക്ക് വിട്ടുകിട്ടിയ വനഭൂമിക്ക് പകരം വനവൽക്കരണം നടത്തുന്നതിന് സ്കീം തയ്യാറാക്കി യൂസർ ഏജൻസിയിൽനിന്നും വനവൽക്കരണത്തിനുള്ള ചെലവ് ഈടാക്കിയാണ് വനവൽക്കരണം നടത്തുന്നത്. 1-1-1977-ന് മുൻപുള്ള കയ്യേറ്റക്കാർക്ക് നൽകുന്നതിനായി കേന്ദ്ര സർക്കാരിന്റെ അനുവാദം ലഭിച്ച 28588.159 ഹെക്ടറിന് പകരം 57150 ഹെക്ടർ വനവൽക്കരണം, ഇരട്ടി വിസ്തൃതിയിലുള്ള പ്രക്ഷീണ വനങ്ങളിൽ ബദൽ വനവൽക്കരണം എന്നിവ നടത്താൻ പദ്ധതി തയ്യാറാക്കി നടപ്പിലാക്കിവരുന്നു. 113 കോടി രൂപ ചിലവ് വരുന്ന ഈ പദ്ധതി 1993-1994 മുതൽ 10 വർഷത്തിനുള്ളിൽ പൂർണ്ണമാക്കാൻ ഉദ്ദേശിച്ചിരുന്നു. ആകെ വനേതര ആവശ്യങ്ങൾക്ക് വിനിയോഗിച്ച 33173.59 ഹെക്ടറിനുപകരം 900.38 ഹെക്ടർ വനേതര ഭൂമിയും 58316 ഹെക്ടർ പ്രക്ഷീണ വനഭൂമിയും വനവൽക്കരണം നടത്തേണ്ടതാണ്. ഇതിൽ 762.28 ഹെക്ടർ വനേതര ഭൂമിയിലും 49448.53 ഹെക്ടർ പ്രക്ഷീണ വനഭൂമിയിലും വനവൽക്കരണം പൂർത്തിയാക്കിയിട്ടുണ്ട്. ഓരോ ഡിവിഷനുമായി ബന്ധപ്പെട്ട പരിഹാര വനവൽക്കരണം നടത്തുന്നത് ബന്ധപ്പെട്ട കൺസർവേറ്റർമാരുടെ മേൽനോട്ടത്തിലാണ്.

പമ്പ, ഗവി ഡിവിഷനുകളിലെ തൊഴിലാളികളുടെ വേതനം

105 [1043] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ വനം വികസന കോർപ്പറേഷന്റെ പമ്പാഡാം, ഗവി ഡിവിഷനുകളിൽ നിലവിൽ എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്;

(ബി) ഇവിടെ ഏതൊക്കെ കൃഷികൾ നടത്തിവരുന്നു;

(സി) ഇവിടുത്തെ തൊഴിലാളികൾക്ക് കഴിഞ്ഞ നാലുമാസമായി വേതനം ലഭിക്കുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവർക്ക് വേതനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) ജോലിയോ, വേതനമോ ഇല്ലാതെ കൊടുംവനത്തിൽ ഒറ്റപ്പെട്ടു കിടക്കുന്ന ഈ പ്രദേശത്തെ പാവപ്പെട്ടവരായ തൊഴിലാളികൾക്ക് അടിയന്തിരമായി വേതനം നൽകുന്നതിനായി എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വനംവികസന കോർപ്പറേഷന്റെ പമ്പ, ഗവി ഡിവിഷനുകളിൽ 309 സ്ഥിരം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്.

(ബി) പമ്പ ഡിവിഷനിൽ ഏലം, കുരുമുളക് എന്നിവയും ഗവി ഡിവിഷനിൽ ഏലം, കാപ്പി, വാനില, കുരുമുളക് എന്നിവയും കൃഷി ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) & (ഡി) കഴിഞ്ഞ വർഷങ്ങളിൽ ഏലത്തിനുണ്ടായ കുത്തനെയുള്ള വില തകർച്ചയും കഴിഞ്ഞ വർഷത്തെ പ്രതികൂല കാലാവസ്ഥ കാരണം ഉണ്ടായ വിളനഷ്ടവുംമൂലം ഉണ്ടായ കടുത്ത സാമ്പത്തിക ഞെരുക്കംകൊണ്ട് വേതനം നൽകുന്നതിൽ കുറച്ച് കാലതാമസം നേരിട്ടിട്ടുണ്ട്.

(ഇ) ജോലിയോ വേതനമോ ഇല്ലാതെ കഴിയേണ്ട അവസ്ഥ തൊഴിലാളികൾക്ക് ഉണ്ടായിട്ടില്ല. തോട്ടം അടച്ചിടേണ്ടതായ 2005 ഫെബ്രുവരി 16 മുതൽ മേയ് 15 വരെയുള്ള അവധിക്കാലത്തുപോലും തൊഴിലാളികൾക്ക് റൊട്ടേഷൻ രീതിയിൽ ജോലി നൽകിയിട്ടുണ്ട്. മേയ്, ജൂൺ മാസങ്ങളിൽ തൊഴിലാളികൾക്ക് വേതനം ഇനത്തിൽ തുക വിതരണം ചെയ്തിട്ടുണ്ട്. വേനൽ അവധി കഴിഞ്ഞ് തോട്ടം തുറന്നതിനുശേഷം കുടിശ്ശിക വേതനങ്ങൾ ഓരോന്നായി നൽകുന്നുണ്ട്. വരും മാസങ്ങളിൽ (ആഗസ്റ്റ് മുതൽ) ഏലത്തിന്റെ വിളവെടുപ്പ് തുടങ്ങുന്ന മുറയ്ക്ക് കുടിശ്ശികകൾ ഘട്ടം ഘട്ടമായി കൊടുത്തുതീർക്കുന്നതാണ്.

സംസ്ഥാനത്ത് നിലവിലുള്ള ആനകൾ

106 [1044] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ആനകൾ ഉണ്ട്; ഇതിൽ കാട്ടാനകൾ എത്രയെന്നും, നാട്ടാനകൾ എത്രയെന്നും വെളിപ്പെടുത്തുമോ;

(ബി) യു. ഡി. എഫ്. സർക്കാർ ഭരണമേറ്റശേഷം നാളിതുവരെ എത്ര കാട്ടാനകൾ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ എത്ര നാട്ടാനകൾ പീഡനമേറ്റ് ചരിഞ്ഞിട്ടുണ്ട്; ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) വനം വകുപ്പിന്റെ അധീനതയിൽ ഇപ്പോൾ എത്ര തൂക്കം വരുന്ന ആനക്കൊമ്പ് ശേഖരം ഉണ്ടെന്നും അവയ്ക്ക് എന്ത് വില വരുമെന്നും അറിയിക്കാമോ;

(ഇ) യു. ഡി. എഫ്. സർക്കാർ അധികാരമേറ്റശേഷം എത്ര അനധികൃത ആനക്കൊമ്പ് വ്യാപാര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(എഫ്) ആനകൾക്ക് നേരെ വർദ്ധിച്ചുവരുന്ന പീഡനങ്ങൾ സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ; ഇത്തരം കേസുകളിൽ ഇപ്പോൾ നിലവിലുള്ള ശിക്ഷാനടപടികൾ എന്തൊക്കെയാണ്?

LIBRARY ARCHIVES Kerala Legislative Assembly